LIBRARY ARCHIVES Kerala Legislative Assembly

## മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെയുള്ള വിജിലൻസ് അന്വേഷണം

252 (258) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് എത്ര ഹർജികൾ ലഭിച്ചു ; വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചവ എത്ര; സർക്കാരിന് ലഭിച്ചവ എത്ര ;

(ബി) ഏതെല്ലാം ഹർജികൾ പ്രാഥമിക അന്വേഷണം നടത്തി തുടർ അന്വേഷണം ആവശ്യമില്ലെന്ന് കണ്ട് ഉപേക്ഷിച്ചു ;

(സി) ഏതെല്ലാം ഹർജികളിൽ വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ട്; ഇതിലെ കക്ഷികൾ ആരെല്ലാം ; അന്വേഷണം പൂർത്തിയാക്കിയവ എത്ര;

(ഡി) സർക്കാരിന് ലഭിച്ച എത്ര ഹർജികൾ വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര?

ഉത്തരം

(എ) ഈ സർക്കാരിന്റ കാലത്ത് മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കുമെതിരെ വിജിലൻസ് ഡയറക്ടർക്ക് നേരിട്ട് 3 പരാതികളും കോടതി മുഖാന്തരം 14 പരാതികളും ലഭിച്ചിട്ടുണ്ട്. സർക്കാരിന് ലഭിച്ചവ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) നേരിട്ട് ലഭിച്ച പരാതികളിൽ ബഹു. പ്രതിപക്ഷ നേതാവിന്റെ പരാതിയിന്മേൽ ശ്രീ. കെ.എം. മാണിക്ക് ഒരു കോടി രൂപ കോഴ നൽകി എന്ന പരാതിയിൽ സത്വരാന്വേഷണം നടത്തി, തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു. ശ്രീ. വൈക്കം വിശ്വൻ സമർപ്പിച്ച പരാതിയിൽ ഒരു സത്വരാന്വേഷണം നടന്നുവരുന്നു. ഒരു പരാതിയിൽ തുടരന്വേഷണം ആവശ്യമില്ലെന്ന് കണ്ട് തീർപ്പുകൽപ്പിച്ചു. കോടതി മുഖാന്തരം കിട്ടിയ 14 പരാതിയിൽ 11 പരാതികളും തുടരന്വേഷണം ആവശ്യമില്ലെന്ന് കണ്ട് തീർപ്പുകൽപ്പിച്ചു. 3 എണ്ണത്തിൽ സത്വരാന്വേഷണം നടന്നുവരുന്നു.

(സി) ഇവയിൽ ഒന്നിലും വിജിലൻസ് അന്വേഷണം നടക്കുന്നില്ല. മൂന്ന് സത്വരാന്വേഷണം നടന്നുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.